## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4189** **24/06/2019-ലെ മറുപടിക്ക്**

**ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് നടപ്പിലാക്കിയതിന് ശേഷമുള്ള പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ ഉണ്ട്. ലോകബാങ്കിന്റെ ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ പുനരുദ്ധാരണം/അറ്റകുറ്റപ്പണികൾക്കായി ആരംഭിച്ച ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) ന് 2012 - ൽ 360 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിക്ക് 2020 ജൂൺ വരെയാണ് കാലാവധി. ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ വഴി ഉണ്ടായ പുരോഗതി ചുവടെ ചേർക്കുന്നു.<br>1. "ഗ്രൗട്ടിങ്" നടത്തിയ ഡാമുകളായ ചിമ്മണി, കുറ്റിയാടി, കാഞ്ഞിരപ്പുഴ, കല്ലട, മലങ്കര എന്നിവയിൽ സീപേജ് വളരെയധികം കുറഞ്ഞിട്ടുണ്ട്.<br>2. വാളയാർ ചുള്ളിയാർ മീങ്കര, കുറ്റിയാടി, മലങ്കര തുടങ്ങിയ earthern ഡാമുകളുടെ slope correction നടത്തി ഒറിജിനൽ ഡിസൈനിലേക്കാക്കി .<br>ഇതിനായി ഡാമിന്റെ downstream ഭാഗത്തു പുല്ലു പിടിപ്പിക്കുന്ന turfing എന്ന പ്രവൃത്തിയും upstream - സൈഡിൽ കല്ലടുക്കുന്ന റിപ് റാപ് പ്രവൃത്തിയും നടത്തുകയുണ്ടായി.<br>3. റിസർവോയർ ഏരിയ തിരിച്ച് ബൗണ്ടറി ഫെൻസിങ്ങും നടത്തിയിട്ടുണ്ട്.<br>4. മെക്കാനിക്കൽ ഷട്ടറുകൾ റിപ്പയർ ചെയ്യുകയും മാറ്റി വയ്ക്കുകയും ചെയ്തത് വഴി ഇക്കഴിഞ്ഞ ആഗസ്റ്റിലെ വെള്ളപ്പൊക്കത്തിൽ |

ഡ്രിപ് പദ്ധതി നടപ്പിലാക്കിയ എല്ലാ ഡാമുകളുടെ ഷട്ടറുകളും വിജയകരമായി പ്രവർത്തിപ്പിക്കുവാൻ സാധിച്ചു.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിയ്ക്കായി ലോകബാങ്ക് അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; | ബി 2012-ൽ ആരംഭിച്ച 360 കോടി രൂപയുടെ ഭരണാനുമതിയുള്ള പദ്ധതിക്ക് 2020 ജൂൺ വരെ കാലാവധി ഉണ്ട്. ഡാംറീഹാബിലിറ്റേഷൻ പ്രവർത്തികളെല്ലാം പുരോഗമിച്ചു വരുന്നു. ഡാമുകളുടെ instrumentation surveillance , ഡാം സേഫ്റ്റി ഹെഡ് ക്വാർട്ടേഴ്സ് നിർമ്മാണം, കുറ്റിയാടി ബാക്കിങ് പ്രവൃത്തി, 6 electrical പ്രവർത്തികൾ എന്നിവയൊക്കെ ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയാണ് . ഇവയെല്ലാം പൂർത്തിയാകുന്നതോടെ അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നാളിതുവരെ DRIP പദ്ധതിക്ക് 206 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ഡാമുകളിൽ പ്രളയം മൂലം ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ? | സി ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽപ്പെട്ട ഡാം സ്ട്രക്ച്ചറുകളിലൊന്നും തന്നെ പ്രളയം മൂലം നാശനഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ ചില ഡാമുകളുടെ താഴ്വാരത്തുള്ള ഭാഗങ്ങളിൽ നാശനഷ്ടം റിപ്പോർട്ട് ചെയ്തത് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പ്രളയം മൂലം ഡ്രിപ്പ് പദ്ധതിയിൽപ്പെട്ട ചില ഡാമുകളുടെ താഴ്‌വാരത്തുള്ള ഭാഗങ്ങളിൽ നാശനഷ്ടം റിപ്പോർട്ട് ചെയ്തത് ചുവടെ ചേർക്കുന്നു.

| ക്രമ .നം. | ഡ്രിപ്പ് പദ്ധതി നടപ്പിലാക്കിയ ഡാം | റിപ്പോർട്ട് ചെയ്യപ്പെട്ട നാശനഷ്ടം. |
|---|---|---|
| 1 | നെയ്യാർ | നാശനഷ്ടം ഇല്ല |
| 2 | പീച്ചി | *സ്റ്റില്ലിംഗ് ബയിസിന് അടുത്തുള്ള ഏപ്രൺ ഭാഗ ത്തിന് കേട്ടുപാട്ടുകൾ |
| 3 | ചിമ്മിനി | *ഏപ്രൺ ഭാഗ ത്തിന് കേട്ടുപാട്ടുകൾ |
| 4 | വാഴാനി | നാശനഷ്ടം ഇല്ല |
| 5 | മലങ്കര | റിവർ ട്രയിനിംഗ് വാളിന്റെ പൂർത്തിയാക്കാത്ത ഭാഗത്ത് മണ്ണിടിച്ചിൽ പുഴയുടെ വലതു താഴ്‌വാരത്ത് പവർ ഹൗസിനടുത്ത് നാശനഷ്ടം |
| 6 | കല്ലട | ഒറ്റക്കൽ വിയറിനടുത്ത് റീടെയിനിംഗ് വാളിന് നാശന ഷ്ടം. |
| 7 | മലമ്പുഴ | നാശനഷ്ടം ഇല്ല |
| 8 | പോത്തുണ്ടി | സ്റ്റില്ലിംഗ് ബയിസിൻ കഴിഞ്ഞുള്ള ഭാഗത്ത് കരയിടിച്ചിൽ |
| 9 | കാഞ്ഞിരപ്പുഴ | നാശനഷ്ടം ഇല്ല |
| 10 | ചുള്ളിയാർ | നാശനഷ്ടം ഇല്ല |
| 11 | മീൻങ്കര | നാശനഷ്ടം ഇല്ല |
| 12 | വാളയാർ | നാശനഷ്ടം ഇല്ല |
| 13 | മൂലത്തറ റെഗുലേറ്റർ | നാശനഷ്ടം ഇല്ല |
| 14 | കുറ്റിയാടി | നാശനഷ്ടം ഇല്ല |
| 15 | പഴശ്ശി | നാശനഷ്ടം ഇല്ല |
| 16 | ഭൂതത്താൻകെട്ട് | നാശനഷ്ടം ഇല്ല |

**പീച്ചി ചിമ്മിണി എന്നിവയിലുണ്ടായ നാശനഷ്ടം**

**പീച്ചി ജലസേചന പദ്ധതി**

2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ ക്രമാതീതമായി റിസർവ്വോയറിൽ വെള്ളം ഉയർന്നതിനാൽ സ്പീൽവേ കവാടം കൂടുതലായി തുറന്നു. ഡാമിന്റെ അനുവദനീയമായ ജലവിതാനം വരെയും അനുവദനീയമായ സംഭരണശേഷി വരെയും മാത്രമെ വെള്ളം ശേഖരിക്കുവാൻ സാധിക്കൂ. അത് കഴിഞ്ഞ് അധികം വരുന്ന വെള്ളം ഒഴുക്കി കളയേ ണ്ടത് വളരെ അത്യാവശ്യമാണ്. ആയതിനാൽ സ്പിൽവേ ഷ ട്ടർ തുറന്ന് ക്രമാതീതമായി ഒഴുകിവന്ന വെള്ളം ഒഴുക്കി വിട്ടു. അങ്ങിനെ ഒരാഴ്ചക്കാലം ഇതു തുടർന്നു, വെള്ളം ഒഴുകി വരുന്നത് കുറഞ്ഞപ്പോൾ ഷട്ടറിന്റെ ലെവലും ക്രമാനുഗതം താഴ്ത്തി. കനത്ത വെള്ളപ്പൊക്കത്തിലും സ്പിൽവേ ഷട്ടറുകൾ കൂടിയ അളവിൽ തുറന്നു വി ടേണ്ടി വന്നതുമൂല വുമുള്ള അധിക ജലപ്രവാഹത്തിലുമായി പീച്ചി ഡാമിന്റെ സ്റ്റില്ലിംഗ് ബേസിനു മുമ്പിലുള്ള ഏപ്രണിനു വലിയ കേടുപാടുകൾ സംഭവിക്കുകയുമുണ്ടായി.

തുടർന്ന് ഡാമിന്റെ താഴെയായി സ്റ്റില്ലിംഗ് ബേസിന് തൊട്ടു താഴെയായി വെള്ളത്തിന് പ്രതിരോധ്യമായ ഏപ്രൺ (Solid apron) ന്റെ കുറെ ഭാഗങ്ങൾ ഇളകി മാറികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടത്. ഇത് ഏകദേശം 47 മീ. നീളത്തിൽ മുഴുവൻ വീതിയിലും 20 മീ.നീളത്തിൽ ഭാഗികമായ വീതിയിൽ 15 മീറ്ററിലും കേട്ടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഡാമിന്റെ താഴ്ഭാഗത്ത് ഇളകിപോയ ഏപ്രണിന്റെ ഭാഗം പുന സ്ഥാപിക്കേണ്ടത് ഡാമിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. ഇതിനായി ഏപ്രണിന്റെയും അനുബന്ധ ഭാഗങ്ങളുടെയും പുനരുദ്ധാരണത്തിനായി 65 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസൽ SDRF ൽ ഉൾപ്പെടുത്തി സാങ്കേതികാനുമതിക്കുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ചിമ്മണി ജലസേചന പദ്ധതി

2018 വർഷത്തിലെ കനത്ത വെള്ളപ്പൊക്കത്തിൽ സ്പിൽവേ ഷട്ടറുകൾ കൂടിയ അളവിൽ തുറന്നു വിടേണ്ടി വന്നതുമൂലമുള്ള അധിക ജലപ്രവാഹത്തിലുമായി ചിമ്മിനി ഡാമിന്റെ സ്റ്റില്ലിംഗ് ബേസിനു മുമ്പിലുള്ള ഏപ്രണിനു വലിയ കേടുപാടുകൾ സംഭവിക്കുകയുമുണ്ടായി. പുഴയുടെ അടിത്തട്ടിലെ സ്വാഭാവിക പാറക്കൂട്ടങ്ങളുടെ ഗ്യാപ്പുകളിൽ കോൺക്രീറ്റ് ചെയ്ത് നിർമ്മിച്ചിരുന്ന ഏപ്രൺ ഏകദേശം പൂർണ്ണമായും തകർന്ന് കോൺക്രീറ്റ് പാളികളായി ഇളകുകയുണ്ടായി.

ഡാമിൽ നിന്ന് 60 കിലോമീറ്ററോളം വരെ ദൂരെ സ്ഥിതിചെയ്യുന്നതും ഏകദേശം 13,000 ഹെക്ടർ ആയക്കട്ട് വരുന്നതുമായ തൃശ്ശൂർ കോൾ നിലങ്ങളിലെ ജലസേചനത്തിനും പുഴകടന്നു പോകുന്ന പ്രദേശങ്ങളിലെ കുടിവെള്ളത്തിനും എം.ഐ, വാട്ടർഅതോറിറ്റി തുടങ്ങിയവയുടെ പമ്പിംഗിനും ആശ്രയമായ ചിമ്മിനി ഡാമിന്റെ സ്റ്റില്ലിംഗ്ബേസിനും ഏപ്രണും സുരക്ഷിതമാക്കാനുള്ള പ്രവൃത്തിക്കായി 173 ലക്ഷം രൂപയുടെ പ്രൊപോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ